ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമാവലിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. മാതാപിതാക്കൾക്കുള്ള പ്രാതിനിധ്യം കുറച്ചിട്ടില്ല.

(സി) സർക്കാർ/സ്വകാര്യ മേഖലയിലുള്ള കോളേജുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃസമിതി രൂപീകരണത്തിനുള്ള നിയമാവലി പ്രകാരം സമിതിയുടെ സെക്രട്ടറിയെ തെരഞ്ഞെടുക്കേണ്ടത് അദ്ധ്യാപകരായ അംഗങ്ങളിൽ നിന്നുമാണ്, നിയമാവലി പ്രകാരം കമ്മിറ്റി അംഗങ്ങളിൽ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും തുല്യ പ്രാതിനിധ്യം ഉണ്ട്.

(ഡി) ഇല്ല.

(ഇ) നിലവിലുള്ള നിയമാവലി അനുസരിച്ച് രൂപീകരിക്കപ്പെടുന്ന രക്ഷാകർത്തൃസമിതിക്ക് നിയമാനുസരണം പ്രവർത്തിക്കുന്നതിനുള്ള എല്ലാ സാഹചര്യവും നിലവിലുണ്ട്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ

43 [1562] ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് അനുവദിച്ച സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) ഇവയിൽ ഓരോന്നിലും ഏതെല്ലാം കോഴ്സുകൾ നടത്തുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജുകളുടെ എണ്ണം താഴെ കൊടുക്കുന്നു:

1. സ്വാശ്രയ മെഡിക്കൽ കോളേജുകൾ

| | | |
|---|---|---|
| സ്വകാര്യ കോളേജുകൾ | .. | 6 |
| കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് (പരിയാരം) | .. | 1 |
| അക്കാഡമി ഓഫ് മെഡിക്കൽ സയൻസ്, കൊച്ചി | .. | 1 |
| ആകെ | .. | 8 |

2. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ

| | | |
|---|---|---|
| IHRD | .. | 9 |
| LBS | .. | 2 |
| CCEK | .. | 1 |
| ഗതാഗത വകുപ്പ് | .. | 1 |
| CAPE | .. | 5 |
| M. G. University | .. | 1 |
| കേരള യൂണിവേഴ്സിറ്റി | .. | 1 |
| കാലിക്കറ്റ് യൂണിവേഴ്സിറ്റി | .. | 1 |
| സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് | .. | 49 |
| ആകെ | .. | 70 |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 3. | ഫാർമസി കോളേജുകൾ | .. | 18 |
| 4. | സിദ്ധ കോളേജ് | .. | 1 |
| 5. | ആയുർവേദ കോളേജുകൾ | .. | 6 |
| 6. | ബി. എഡ്. കോളേജുകൾ | .. | 103 |

(ബി ആൻഡ് സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന ബി. എഡ്. കോളേജുകൾ

44 [1563] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയമേഖലയിൽ എത്ര ബി. എഡ്. കോളേജുകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) സ്വാശ്രയ ബി.എഡ്. കോളേജുകളിലെ ഫീസ് നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്വാശ്രയ ബി.എഡ്. കോളേജുകളിൽ പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനം സൗജന്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ പുതിയ ബി.എഡ്. കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ 103 ബി.എഡ്. ട്രെയിനിംഗ് കോളേജുകൾ ഉണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) സ്വാശ്രയ ബി.എഡ്. കോഴ്സിന് പ്രതിവർഷം 18,000 രൂപ ട്യൂഷൻ ഫീസും ട്യൂഷൻ ഫീസിന്റെ 25% സ്പെഷ്യൽ ഫീസും നിശ്ചയിച്ചിട്ടുണ്ട്.

(സി ആൻഡ് ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് ഇളവ് സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് തീരുമാനമെടുത്തിട്ടില്ല.

(ഇ) സ്വാശ്രയ മേഖലയിൽ പുതിയ ബി.എഡ്. കോളേജുകൾ ആവശ്യമുണ്ടോ എന്ന് പഠിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് ലഭിച്ചതിനു ശേഷമേ തീരുമാനമെടുക്കാനാകുകയുള്ളൂ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly